തങ്ങളുടെ മനുഷ്യസമ്പത്തിലെ സർഗ്ഗപ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി രാജ്യവ്യാപകമായ ഒരു ടാലന്റ് ഹണ്ട്, രാജ്യത്തെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നടന്നു കഴിഞ്ഞിരിക്കുന്ന വേളയിലാണ് ഈ ദളം കടന്നു വരുന്നത്.

ടാലന്റഡ് ബാങ്കേഴ്സ് ഈയടുത്ത കാലത്തു നടത്തിയ ഓൺലൈൻ പരിപാടികളിലൂടെ നമുക്കേവർക്കും സുപരിചിതനായ, സ്റ്റേറ്റ് ബാങ്ക് ടാലന്റ് ഹണ്ട് ഡ്രൈവിലെ അവസാന റൗണ്ടിലെത്തിയ, ഭാവലയസ്വരസാന്നിദ്ധ്യമായി അനുവാചക ഹൃദയം കവർന്ന ഭാവഗായക പ്രതിഭയാണ് ഈ ആഴ്ചയിലെ ദളം.

അഭിമാനപൂർവം അവതരിപ്പിക്കുന്നു,

**രാമകൃഷ്ണൻ. എസ്സ്**
**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**
**വല്ലാർ പാടം ബ്രാഞ്ച്, എറണാകുളം.**

തിരുവനന്തപുരം കരമന ശിവൻ കോവിലിനടുത്ത് ഡി. ബി സ്ട്രീറ്റിലെ അഗ്രഹാരത്തിൽ പരേതനായ ശങ്കരനാരായണന്റെയും ശ്രീമതി എസ്സ്. വിശാലാക്ഷിയുടേയും മകൻ.

സതേൺ റയിൽവേയിൽ ഉദ്യോഗസ്ഥനായിരുന്ന പിതാവിനോടും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഉദ്യോഗസ്ഥയായിരുന്ന മാതാവിനോടും ഒപ്പം കൈക്കുഞ്ഞായിരിക്കുമ്പോള് ഹൈദരാബാദിലേക്ക് ചേക്കേറി. രാമകൃഷ്ണന്റെ കിന്റർ ഗാർട്ടൻ കഴിയുന്ന കാലത്ത്, 1992 ൽ, അവർ കരമനയിലെ വീട്ടിൽ സ്ഥിരതാമസത്തിനായി മടങ്ങി. ശ്രീമതി വിശാലാക്ഷി, പിന്നീട് SBT യുടെ തിരുവനന്തപുരം ജില്ലയിലെ വിവിധ ശാഖകളിൽ പ്രവർത്തിച്ച ശേഷം ഫോർട്ട് ബ്രാഞ്ചിൽ നിന്ന് സ്പെഷ്യൽ അസിസ്റ്റന്റായി റിട്ടയർ ചെയ്തു. ശ്രീ ശങ്കരനാരായണൻ 2013 ൽ നിര്യാതനായി. കുഞ്ഞനിയത്തി വാണി തൃശൂരിൽ കുടുംബസമേതം താമസിക്കുന്നു.

ഹൈസ്ക്കൂൾ തലം വരെ ഭാരതീയ വിദ്യാഭവനിലും (2003) ഹയർ സെക്കണ്ടറി തലം (2005) വരെ സെന്റ് മേരീസ് സെൻട്രൽ സ്ക്കൂളിലുമായിരുന്നു രാമകൃഷ്ണന്റെ പഠനം. തുടർന്ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് (2005-2009) കമ്പ്യൂട്ടർ സയൻസിൽ ബി.ടെക് ബിരുദം നേടി.

അഗ്രഹാരത്തിലെമ്പാടും അലയടിച്ചിരുന്ന

സംഗീതസരണികളിലൂടെയാണൊ, പിതാവിന്റെ ഉറക്കു പാട്ടുകളിലൂടെയാണൊ, അതിനകം വന്നു ചേർന്ന കുഞ്ഞനിയത്തി വാണിയുടെ സംഗീതസാദകങ്ങളിലൂടെയാണൊ എപ്പോഴോ താൻ സപ്തസ്വരവിപഞ്ചികയിലലിഞ്ഞു ചേർന്നതായി രാമകൃഷ്ണൻ ഉള്ളു തുറക്കുന്നു.

പാട്ടിനോടുള്ള ഭ്രമവുമായി നടന്ന സ്ക്കൂൾ പഠനകാലത്ത് മത്സരങ്ങളിലൊന്നും തന്നെ പങ്കെടുത്തിരുന്നില്ല. താരതമ്യേനെ ചെറിയൊരു സ്ക്കൂളിലെ ഹയർ സെക്കണ്ടറി പഠന സമയത്ത് യൂത്ത് ഫെസ്റ്റിവലിൽ ക്ലാസ്സിക്കൽ ഗാനാലാപനത്തിന് ആദ്യാവസരം കൈവന്നു. സംഗീതാചാര്യൻ പാർവതീപുരം പത്മനാഭയ്യരുടെ ശിഷ്യൻ ശ്രീ രമേഷ് ആണ് ആദ്യഗുരു. ലളിത ഗാനാലാപനത്തിന് സംഗീതജ്ഞൻ ശ്രീ മോനിയുടെ ശിക്ഷണവും സഹായിച്ചു. നാലു വർഷത്തോളം സംഗീത പഠനം തുടർന്നു. സ്മൂൾ ആപ്പ് വന്നു കഴിഞ്ഞപ്പോൾ പാട്ട് പാടുന്ന അനേകം പ്രതിഭകളോടൊത്തു പാടുവാനും കഴിവുകൾ പരിപോഷിപ്പിക്കുവാനും കഴിഞ്ഞു.

കോളേജ് പഠനകാലം മെലഡികളുടെ പൂക്കാലമായിരുന്നു. ആസ്വദിച്ചു പാടുവാൻ വിവിധ ഭാഷകളിലെ ഹിറ്റു ഗാനങ്ങളുടെ തുണയുമായി. ഇതിനിടയിൽ 2006 ൽ സൺ ടീ വിയുടെ സപ്തസ്വരങ്ങൾ എന്ന അക്കാലത്തെ പ്രമുഖ റിയാലിറ്റി ഷോവിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ചെന്നൈ AVM സ്റ്റുഡിയോവിൽ നടന്ന ഷോ ആസ്വാദ്യകരവും ശ്രദ്ധേയവുമായിരുന്നു.

ബിരുദാനന്തരം, ചെന്നൈ HCLയിൽ ഒരു വർഷത്തോളം ജോലി നോക്കിയെങ്കിലും ഗൃഹാതുരത്വം കാരണം നാട്ടിലേക്കു മടങ്ങി. ടെക്നോപാർക്കിലെ ഓഫറുകൾ നില നില്ക്കവേയാണ് സ്റ്റേറ്റ് ബാങ്ക് ടെസ്റ്റ് റിസൽട്ടു വരുന്നതും 2010 ഡിസംബറിൽ SBI യിൽ അസിസ്റ്റന്റായി ജോയിൻ ചെയ്യുന്നതും.

എറണാകുളം കുണ്ടന്നൂർ ശാഖയിൽ സ്കെയിൽ ടു ഗ്രേഡിൽ റിലേഷൻഷിപ്പ് മാനേജരായി പ്രവർത്തിച്ചു വരികയായിരുന്നു. ഇപ്പോൾ വല്ലാർപാടം ബ്രാഞ്ച് മാനേജരായി നിയമിക്കപ്പെട്ടിരിക്കുകയാണ്.

SBI യിൽ വന്ന ശേഷം തന്നിലെ ഗായകന് സർഗ്ഗോത്സവേദികൾ ജീവവായു പോലെയായി അനുഭവപ്പെടുന്നു. സഹപ്രവർത്തകരുടെ പിന്തുണയും തന്നെ ഭാവതരളിതമായ സർഗ്ഗവാസനയുടെ പാതയിലൂടെ കൈപിടിച്ചു നടത്തുന്നു.

സംഗീതസാന്ദ്രമായ സ്റ്റേറ്റ് ബാങ്ക് ജീവിതവഴികളിലൂടെയുള്ള

യാത്രക്കിടയിൽ നൂപുരധ്വനികളുമായി ധന്യയായ നീരജയും കടന്നു
വന്നു. നൃത്തത്തിൽ വാസനയേറിയ
നാലു വയസ്സുകാരി വൈശാലിയുടെ കിളിക്കൊഞ്ചലുകൾ കൂടി
ചേരുമ്പോൾ ഈ കൊച്ചു കുടുംബം സ്റ്റേറ്റ് ബാങ്ക്
സർഗോത്സവകുടുംബമായി മാറുന്നു.

SBI കത്രിക്കടവ് ശാഖയിൽ ഡെപ്യൂട്ടി മാനേജരായ നീരജ, സ്റ്റേറ്റ് ബാങ്ക്
സർഗ്ഗോത്സവ നർത്തകിയായി ശ്രദ്ധേയയാണ്.

SBI യിലെ പ്രതിഭാ സമ്പന്നരുടെ കൂടെച്ചേർന്നുള്ള പ്രൊമോഷണൽ
ഗാനങ്ങളിൽ ഭാഗഭാക്കാകുവാൻ കഴിഞ്ഞതിൽ ഏറെ സന്തുഷ്ടനാണ്,
രാമകൃഷ്ണൻ.

ഈ വർഷത്തെ സ്റ്റേറ്റ് ബാങ്ക് ടാലന്റ് ഹണ്ട് ഡ്രൈവിലൂടെ അഖിലേന്ത്യാ
തലത്തിലേക്കുള്ള തെരഞ്ഞെടുപ്പിൽ കേരള സർക്കിളിൽ നിന്ന്
തെരഞ്ഞെടുക്കപ്പെട്ട ഫൈനലിസ്റ്റുകളിൽ ഒരാളാകാൻ
കഴിഞ്ഞതിലുള്ള സന്തോഷം പങ്കു വെച്ചു, സംഭാഷണ മദ്ധ്യേ.

സംഗീതവേദിയിലെ സൗമ്യസാന്നിദ്ധ്യമായ രാമകൃഷ്ണന് ബൈക്ക്
റൈഡിംഗും ഹരമാണ്. ഒഴിവ് ദിനങ്ങളിൽ ദീർഘമായ ബൈക്ക്
സംഘയാത്രകൾക്കായി സമയം കണ്ടെത്തുന്നു.

സംഗീത - നൃത്തസാന്ദ്രമായ രാമകൃഷ്ണൻ - നീരജ ദമ്പതികൾക്ക്
ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയുടെ അഭിനന്ദനങ്ങളും ആശംസകളും
നേരുന്നു.

**<u>English Version</u>**

This week, just after the country’s largest bank conducted its nation wide talent hunt, seems the right time to introduce our Talented Banker. The one who enticed us with his smiling melodies many a times in the Talented Bankers group, one of the top performers all over Kerala, in the State Bank of India Talent drive, the magical voice that lifts the mood of the listener.. presenting to you this week’s talent :

Ramakrishnan S
State Bank of India
Vallarpadam Branch
Ernakulam

He belongs to an agraharam in the D B street near Karamana Sivan kovil, Thiruvananthapuram, born to Shri. Sankaranarayanan(late) and Smt. Visalakshi. Along with his father who worked in the southern railway and his mother who was an employee of

State Bank of Travancore, he shifted to Hyderabad as a baby and they all returned to Karamana by the time he was in kindergarten. Smt. Visalakshi then worked in various branches of SBT in Thiruvananthapuram and retired as special assistant from the Fort branch. He lost his father in the year 2013. His younger sister Vani resides with her family in Thrissur.

He studied in the Bharathiya Vidya Bhavan till the completion of high school(2003) and spent his higher secondary classes in the St.Mary's central school(2005). Then he did his BTech in Computer science from the Karyavattom University college of Engineering.

With the thaalas reverberating along the streets of the agraharam, the harmony of lullabies his father sang and saptaswaras his sister practised, he was drawn to the world of music from a very young age.

Though very passionate about music, he never participated in competitions during his school years. He once participated in Carnatic music competition in a youth festival during his higher secondary classes. Sangeethacharyan Parvathipuram Padmanabha Iyer's disciple Shri Ramesh was his first guru. In light music he was guided by the musician Shri. Moni. He pursued his music lessons for four years. With the advent of smule app, he git opportunities to sing along with many gifted singers.

During his college years, many melodies came up in various languages. In 2006 he was selected to participate in the Sun TV's popular reality show ‘Sapraswarangal'. The show that was conducted at the AVM studio in Chennai was followed by many.

Though he joined HCL after graduation and worked there for almost a year, he returned home being homesick. He chose to join SBI in 2010, among offers from Technopark.

He was working as scale 2 Relationship Manager in the Kundannur branch, Ernakulam till recently. Now he got appointed as the Branch head of Vallarpadam branch. Sargotsavam programme is where he awakens the singer in him in SBI. He submits that the support rendered by his colleagues encourages him to sing better each time.

Neeraja has added a jingle of anklets to Ramakrishnan’s musical journey through SBI. The couple is blessed with the four-year-old Vaisali, and the trio has become a Sargotsava family. Neeraja, who is Deputy Manager in SBI Kathrikadavu branch, is famous for her dances at the SBI Sargotsavam.

Ramakrishnan is glad he could be part of the various promotional songs for the bank along with many creative bankers.

He has been selected as one the finalists in this year’s State Bank Talent Hunt Drive in the Thiruvananthapuram circle.

This pleasant singer loves the thrill of bike riding as well. He finds time to travel long distances along with friends during his off days.

Talented Bankers take this opportunity to congratulate Ramakrishnan on his recent achievement and wish the singer – dancer couple all the very best in their musical life journey.

---

തയ്യാറാക്കിയത് : ബി.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, LHO Thiruvananthapuram